

# ഉടലുകൾ ഇടപെടലുകൾ

എഡിറ്റർ
ഡോ. ബീന കെ.

[illegible]
[illegible]
[illegible]
[illegible]

Editor: Dr. Beena K
Copyright: Editor

Layout: Sreejith George
Cover Design: Binu K. Krishna

First Published: Nov. 2022

ISBN: 978-93-93969-05-4

₹ 280

Pusthakalokam
SRA, A - 51, Ward 38
Kallai, Kozhikode - 673 003
Phone: +918848663483, +919496105082

Printed, Published by:

ātma®
book with a soul

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode- 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

10. ... [illegible] ... ➢ 99
...ളിലെ മുസ്ലിം സ്ത്രീ; ...പ്പങ്ങളും
...ഷ്ട്രീയം, സ്വത്വം, അവബോധം
-ഷാനി എ. മോപ്പിള, ഡോ. അബൂബക്കർ കെ.കെ. ➢ 109

11. സാഹിത്യ മേഖലയിലെ പെൺകരുത്ത്
-സിന്ധു പി. ആനന്ദ് ➢ 121

12. മലയാള സിനിമാസാമ്രാജ്യത്തിലെ അരനൂറ്റാണ്ട്:
കെ.പി.എ.സി. ലളിതയിലൂടെ – രമ ജി.വി. ➢ 127

13. ആത്മവിശ്വാസത്തിന്റെയും കഠിനാധ്വാനത്തിന്റെയും
'ഉടൽ' രൂപങ്ങൾ – ഡോ. ഫാഷിയ പി. എസ്. ➢ 131

14. ഞങ്ങളുടെ 'പറയാൻ മറന്ന കഥകൾ'
– ശീതൾ ശ്യാം ➢ 137

15 അരങ്ങിലെ പകർന്നാട്ടങ്ങളും പെണ്ണിടപെടലുകളും
– മിത്ര സിന്ധു ➢ 145

16. താത്രിയും ഉടയാത്ത 'ഉടൽ' സങ്കൽപ്പനങ്ങളും
– ഡോ. ശ്രീജ എൽ. ജി. ➢ 152

17. കൺമഷികൊണ്ട് കറുപ്പിച്ച കണ്ണുകൾ:
മാധവിക്കുട്ടിയുടെ 'നപുംസകങ്ങൾ' ഒരു വായന
– ഡോ. സേതുലക്ഷ്മി എം. എസ്. ➢ 160

18. സമരസങ്ങളിൽ സമരവുമായി കെ. ആർ. ഗൗരി
– രാജേശ്വരി പീതാംബരൻ ➢ 167

19. 'എന്റെ ആരോഗ്യം എന്റെ വിനോദം എന്റെ സ്വാതന്ത്ര്യം'
കളത്തിലിറങ്ങി ചരിത്രം തിരുത്തിയ വിനയയുടെ
സമരപഥങ്ങൾ- ദീപ പി. എം. ➢ 173

20. ഉടലിടങ്ങളിൽ കാവ്യം വിരിയിച്ച കളിയച്ഛൻ
– ഡോ. ബീന കെ. ➢ 178

# താത്രിയും ഉടയാത്ത 'ഉടൽ'സങ്കൽപ്പനങ്ങളും

**ഡോ. ശ്രീജ എൽ. ജി.**
അധ്യാപിക

പഴുത്ത കൂമ്പാളയുടെ സ്വർണ്ണനിറമണിഞ്ഞ അവൾ ചെന്ന് തൊട്ടപ്പോൾ ഭൂമിയിലെ പൂവുകൾ ആകാശത്തിന്റെ സുഗന്ധം ഭൂമിയിലേയ്ക്കൊരുഞ്ഞാലു കെട്ടി. വിലക്കപ്പെടാത്ത പ്രണയത്തിന്റെ കനികൾ കല്പകശ്ശേരിയുടെ കാവുകളിൽ പൂത്തും, കായ്ച്ചും നിറഞ്ഞു. ആ ദൈവവിഷയങ്ങളിൽ ആദ്യമായി ആദിപാപത്തിന്റെ സർപ്പദംശമേല്പിച്ചതാരാണ്?

(അവലംബം: താത്രിക്കുട്ടിയുടെ സ്മാർത്തവിചാരം, ആലങ്കോട് ലീലാകൃഷ്ണൻ).

സ്ത്രീലൈംഗികതയുമായി ബന്ധപ്പെട്ട്, കേരളത്തിൽ കോളിളക്കം സൃഷ്ടിച്ച സംഭവമാണ് താത്രിക്കുട്ടിയുടെ സ്മാർത്തവിചാരം. സ്ത്രീലൈംഗികതയെ അടിച്ചമർത്തി ചൂഷണം ചെയ്യുകയും, എന്നാൽ സാധാരണ നടക്കാറുള്ളതുപോലെ പുരുഷപ്രജകൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ ഇല്ലാതെ പോകുകയും ചെയ്ത സംഭവമാണ് താത്രിയുടെ സ്മാർത്തവിചാരം. ജനാധിപത്യരീതിയിൽ വിധിയെഴുതപ്പെട്ട, അതുവരെയുള്ള കാലഗതിയെ മാറ്റിമറിച്ച, അടിച്ചമർത്തപ്പെട്ട, സ്ത്രീലൈംഗികതയുടെ പ്രതികാരമായി ആക്ഷേപിക്കപ്പെട്ട ഏടുകളിൽ ആദ്യത്തേതുമായിരുന്നു 1905-ൽ അരങ്ങേറിയ ഈ സംഭവം. സ്വന്തം അച്ഛനും സഹോദരനുമുൾപ്പെടെയുള്ളവരുടെ ലൈംഗിക ചൂഷണങ്ങൾക്ക് അറിവില്ലാത്ത പ്രായത്തിൽ തന്നെ വിധേയയാകേണ്ടിവന്ന ഒരു പെൺകുഞ്ഞിന്റെ മനസ്സിലെ പ്രതികാരവും പിൽക്കാലത്ത് സ്ത്രീ ശരീരത്തിന്റെ ആവേശവും സന്നിവേശിപ്പിക്കപ്പെട്ട, രാജാവിന്റെ അഭിമാനത്തിനുനേരെ പോലും ധൈര്യപൂർവ്വം ആഞ്ഞടിക്കപ്പെട്ട കൊടുങ്കാറ്റായിരുന്നു അവൾ. സവർണ്ണ സമുദായങ്ങളിൽ ശക്തമായിരുന്ന പുരുഷാധിപത്യത്തിന്റെ ഇരയാകേണ്ടിവന്നവൾ, അതേ





നാണയത്തിൽ ആ പുരുഷാധിത്യത്തിനു നൽകിയ തിരിച്ചടിയായിരുന്നു അത്.

ആറങ്ങോട്ട് കരയിലെ കല്പകശ്ശേരി ഇല്ലമാണ് കുറിയേടത്ത് താത്രിയുടെ ജന്മഗൃഹം. സൗന്ദര്യവതിയും ശാഠ്യക്കാരിയുമായിരുന്നു അവൾ. താത്രിക്കുട്ടി ആദ്യ പ്രതിയായി പേരെടുത്തു പറഞ്ഞത് പിൽക്കാലത്ത് ഭർത്താവായിത്തീർന്ന കുറിയേടത്ത് രാമൻ നമ്പൂതിരിയുടെ ജ്യേഷ്ഠൻ നമ്പ്യാത്തൻ നമ്പൂതിരിയെയാണ്. തിരിച്ചറിവില്ലാത്ത പ്രായത്തിൽ സംഭവിച്ച, താത്രിയുടെ ആദ്യത്തെ വിവാഹത്തിനുമുണ്ട് പ്രത്യേകത. തലപ്പിള്ളി താലൂക്കിലെ കുറിയേടത്തില്ലത്തേയ്ക്കാണ് അവളെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നത്. ബ്രാഹ്മണ ഇല്ലങ്ങളിൽ മൂത്ത പുത്രനു മാത്രമാണ് അന്ന് വിവാഹം കഴിക്കാൻ സാധിച്ചിരുന്നത്. മൂത്തപുത്രന് വിവാഹത്തിനോ, സന്താനഭാഗ്യത്തിനോ സാധ്യതയില്ലാത്ത തരത്തിൽ അസുഖമെന്തെങ്കിലുമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ അനുവാദത്തോടും ആശീർവാദത്തോടും കൂടി ചില പ്രായശ്ചിത്തകർമ്മങ്ങൾ ചെയ്ത ശേഷം അപ്ഫൻ നമ്പൂതിരിക്ക് വേളി കഴിക്കാം. അങ്ങനെയാണ് നമ്പ്യാത്തൻ, നമ്പൂതിരി അനുജൻ രാമൻ നമ്പൂതിരി താത്രിയുടെ ഭർത്താവായി വരുന്നത്.

വേളി കഴിച്ച പുരുഷനെ ആദ്യരാത്രിയിൽ പ്രണയനിർഭരമായ മനസ്സോടെ കാത്തിരുന്ന അവളുടെ അടുത്തെത്തിയത് രോഗബാധിതനായ നമ്പ്യാത്തൻ നമ്പൂതിരിയായിരുന്നു. അച്ഛനെ സ്മരിപ്പിക്കുന്ന പ്രായമുള്ള ഒരാളായിരുന്നു അയാൾ. അവിടെയാണ്, അവളെ പരീക്ഷിച്ചുകൊണ്ടിരിക്കുന്ന, ജീവിതത്തെ നേരിടാനുള്ള തീരുമാനം അവൾ കൈക്കൊള്ളുന്നത്.

അറുപത്തിനാല് പുരുഷന്മാരുടെ ജീവിതത്തിന് അവൾ വിലയിട്ടു. പൊന്നും വിലയുള്ള തെളിവുകൾ സമർപ്പിച്ചുകൊണ്ട് തന്നെ സമീപിച്ച അറുപത്തിനാല് ആൾക്കാരെ, തന്നെ നിലയ്ക്കുനിർത്താൻ ഉപയോഗിക്കപ്പെട്ട സാമൂഹ്യവ്യവസ്ഥിതികൊണ്ടുതന്നെ അവൾ ശിക്ഷിച്ചു. അറുപത്തിയഞ്ചാമത്തെ പുരുഷന്റെ പേരുപറയുന്നത് സ്മാർത്തസഭതന്നെ വിലക്കിയതുകൊണ്ടാണ് തുടർന്നുള്ള പേരുകൾ പുറത്തു വരാതിരുന്നതെന്ന് പറയപ്പെടുന്നു. ഇത്തരത്തിൽ പുരുഷന്മാരുടെ വിചാരണയ്ക്കുകൂടി അവസരമുണ്ടാക്കിയ ആദ്യത്തെ സംഭവമായിരുന്നു ഇത്.

അവിഹിതബന്ധത്തിൽ പിടിക്കപ്പെടുന്ന സ്ത്രീയെ മറ്റുള്ളവരിൽ നിന്ന് അകറ്റിനിർത്തി വിചാരണ നടത്തുന്ന രീതിയാണ് സ്മാർത്തവിചാരം. അങ്ങനെയുള്ള സ്ത്രീകളെ പാർപ്പിക്കുന്ന സ്ഥലത്തിന് 'അഞ്ചാം പുര' എന്നാണ് പറയുക. ആ സ്ത്രീയെ 'സാധനം' എന്നു വിളിക്കും. കൂടെ ഒരു ദാസിയും ഉണ്ടാകും വിചാരണവേളയിൽ ചുമരിന്റെ മറവിൽ നിന്നു മാത്രമേ സംസാരിക്കാവൂ. ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറഞ്ഞ് നിന്ന് മറുപടി പറയണം. ദാസീവിചാരം എന്നൊരേർപ്പാട് ഇതിനോടനുബന്ധമായി ഉണ്ട്. ഇത്തരത്തിൽ അവിഹിതബന്ധത്തിൽ പിടിക്കപ്പെടുന്ന സ്ത്രീയെ അനുധാവനം ചെയ്ത് തെളിവുണ്ടാക്കലാണ് 'ദാസീവിചാരം' എന്നത് കൊണ്ടുദ്ദേശിക്കുന്നത്. ദാസീ വിചാരണയിൽ അന്തർജ്ജനം പിഴച്ചുപോയെന്ന് ബോധ്യപ്പെട്ടാൽ അക്കാര്യം മഹാരാജാവിനെ അറിയിച്ച് ഗ്രാമസഭ വിളിച്ചുകൂട്ടാനുള്ള അനുവാദം തേടുന്നു. രാജാവ് തന്റെ ഭാഗത്ത് നിന്ന് ഒരുദ്യോഗസ്ഥനെ നിയമിച്ച് സ്മാർത്തനൊപ്പം വിചാരണയ്ക്കായി അയക്കുകയും ചെയ്യുന്നു. നാൽപ്പതുനാൾ നീണ്ടുനിന്ന വിചാരണയാണ് താത്രിക്കുട്ടി നേരിട്ടത്.

സ്മൃതിനിയമം അനുസരിച്ച് താത്രി പറഞ്ഞ പേരുകാരെ സമുദായഭ്രഷ്ടരാക്കി. ചില കബളിപ്പിക്കലുകളും ഇതിൽ നടന്നതായി പറയപ്പെടുന്നുണ്ട്. താത്രിയെന്നും വിചാരിച്ച് വേഴ്ചയിലേർപ്പെട്ട ചിലരെങ്കിലും താത്രിയുടെ ദാസിമാർക്കൊപ്പമാണ് ശയിച്ചതെന്നും പറയപ്പെടുന്നു. അതുപോലെ താത്രിയുടെ അടുത്ത് ലോഹ്യം കൂടാൻ വന്ന ചില വിരുതന്മാർ തങ്ങളുടെ യഥാർഥ പേരുകൾ മാറ്റിപ്പറഞ്ഞിരുന്നതായും പറയപ്പെടുന്നു. വേളികഴിച്ച ഭർത്താവിനെ പ്രണയിച്ചിരുന്നുവെങ്കിലും മൂത്ത ജ്യേഷ്ഠന്റെ ആജ്ഞകൾക്ക് മുന്നിൽ അയാൾ നിശ്ശബ്ദനായിരുന്നു. ആദ്യം അവളുടെ ഉടലിനെ ഇല്ലാതാക്കാൻ ശ്രമിച്ചവന്റെ അന്തമില്ലാത്ത കാമപൂരണത്തിനായി അവൾ പിന്നെയും ബലിയാടായി. കിട്ടിയ ജന്മം വിലയായി കൊടുത്ത് സ്വന്തം സ്വത്വത്തെ, പ്രതികാരദുർഗ്ഗയായി, തന്റേതല്ലാത്ത ഒന്നിനെ അവൾ ഉടച്ചുവാർത്തു.

ഇന്ന് ഇതുകേട്ട് സഹതപിക്കാനും ഊറ്റം കൊള്ളാനുമൊക്കെ ആൾക്കാരുണ്ട്. 'സ്മാർത്തവിചാരം' എന്ന പേരിലല്ല എങ്കിലും സ്വന്തം കുടുംബങ്ങൾക്കുള്ളിലും സമൂഹത്തിലുമൊക്കെ ഇത്തരം സ്മാർത്തവിചാരത്തെ ഓർമ്മപ്പെടുത്തുന്ന നോട്ടങ്ങളും ചോദ്യ





ങ്ങളുമൊക്കെ ഉണ്ടാകുന്നുണ്ട്. അവയ്ക്കൊക്കെ ഒരു മൂടുപടം ഉണ്ടെന്ന് മാത്രം. ആധുനിക വേഷം ധരിച്ച് പുറത്തിറങ്ങുന്ന സ്ത്രീക്ക് നേരെ നീളുന്ന കണ്ണുകളും കരങ്ങളും ഇന്നും താത്രിക്കുട്ടിയുടെ കാലത്തിൽ തന്നെയാണ് നിൽക്കുന്നത്.

പാരമ്പര്യ വേഷങ്ങളിൽ നിന്ന് ഒന്നു വ്യതിചലിച്ചാൽത്തന്നെ മറ്റെന്തിനോ വേണ്ടി നടക്കുന്നവളായി അവൾ മാറും. സ്മാർത്തവിചാരക്കാലത്ത് 'സാധനം' എന്ന് പരിഷ്കാരത്തിന്റെ പേരിലാണ് അവളെ വിളിച്ചതെങ്കിൽ, ഇക്കാലത്ത് അത്യാവശ്യം സോഷ്യബിലിറ്റി (Sociabiltiy) ഉള്ള സ്ത്രീയെ 'ചരക്ക് എന്നാണ് പരസ്യമായ രഹസ്യകോഡുപയോഗിച്ച് വിളിക്കുന്നത്. സ്വന്തം ശരീരത്തിൽ എന്ത് വസ്ത്രം ഇടാമെന്നോ, എന്താണ് തന്റെ ഉള്ളിലെ ആഗ്രഹങ്ങളെന്നോ ഒന്നും തുറന്നു പറയാനുള്ള അവസരങ്ങൾ ഇന്നും സ്ത്രീകൾക്ക് ലഭ്യമല്ല. പലപ്പോഴും വിവാഹം ചെയ്യാൻ പോകുന്ന പുരുഷനെ ഒന്നു നേരിട്ടു കാണുകപോലും ചെയ്യാതെ, വീട്ടുകാർ പറയുന്ന വഴിക്ക് സഞ്ചരിക്കേണ്ടിവരുന്ന പെൺകുട്ടികൾ ഇന്നും നമുക്കിടയിലുണ്ട്. മതങ്ങളുടെ വർധിച്ചുവരുന്ന പ്രാധാന്യം സ്ത്രീയെ വെറും ഉപഭോഗവസ്തുവായി (Secxual Object) മാത്രം തരംതാഴ്ത്തുന്നു. ചുറ്റുമുള്ള സമൂഹം വളർന്നുകൊണ്ടിരിക്കുന്നു എന്നു പറയുമ്പോഴും ഇത്തരത്തിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി. ശ്രീജ. കെ.വിയുടെ 'ഓരോരോ കാലത്തിലും' എന്ന ഒരു നാടകമുണ്ട്. കുറിയേടത്ത് താത്രിയുടെ കഥയും, ഇത്തരം പീഡനങ്ങളിൽ കുടുങ്ങിപ്പോയ ആധുനിക യുഗത്തിലെ ഒരു പെൺകുട്ടിയുടെ കഥയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ആവിഷ്കാരമാണത്. ഈ നാടകം മുഴുവൻ വായിച്ചു കഴിയുമ്പോൾ ആധുനിക കാലത്തെ പെൺകുട്ടിയെക്കാൾ ദീർഘവീക്ഷണവും, കാര്യക്ഷമതയും താത്രിക്കാണെന്ന് തോന്നിപ്പിക്കുന്ന ചില സന്ദർഭങ്ങൾ അതിലുണ്ട്. താത്രി വളരെ ഉറച്ച മനസ്സുള്ള എന്തിനെയും ചെറുത്തുനിൽക്കാൻ പ്രാപ്തിയുള്ളവളായി അവതരിപ്പിക്കപ്പെടുമ്പോൾ ആധുനിക യുഗത്തിലെ പെൺകുട്ടി ആത്മാഭിമാനം നഷ്ടപ്പെട്ടവളായി, എന്തിനെയും ഭയന്നു ജീവിക്കുന്നവളായിട്ടാണ് കാണുന്നത്.

സ്മാർത്ത തെളിവുകൾ ആവശ്യപ്പെടുമ്പോൾ "തെളിവുകളോ" എന്നു ചോദിച്ച് ആർത്തട്ടഹസിക്കുന്ന താത്രിയെയാണ് നാം കാണുക. എന്നാൽ ഇതേ സ്മാർത്തരൂപങ്ങൾ ഈ ചോദ്യം ആവർത്തിക്കുമ്പോൾ ചില അവ്യക്തമായ ധാരണകൾ മാത്രം കൈമാറാൻ ശ്രമിച്ച് ബോധരഹിതയാകുന്ന പെൺകുട്ടിയെയാണ് ഇന്ന് കാണേണ്ടിവരിക. കാല്പനികമായ പ്രണയസങ്കല്പങ്ങളിൽ കുടുങ്ങിക്കിടക്കുന്ന പെൺകുട്ടികളെയാണ് ഇന്നും ആധുനിക ലോകം നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

ചുറ്റിലുമുള്ള സാങ്കേതികവിദ്യകളൊക്കെ വികാസം പ്രാപിക്കുമ്പോഴും അതിന്റെ ഏറ്റവും മോശമായ തലങ്ങൾ മാത്രമാണ് സ്ത്രീയുടെ ജീവിതത്തിൽ പ്രതിഫലിച്ചു കാണുന്നത്. വാട്സാപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹമാധ്യമങ്ങൾ എല്ലാംതന്നെ സ്ത്രീകളെ ലക്ഷ്യംവയ്ക്കുന്ന ഒളിയമ്പുകളാണ്. Me Too' പോലെയുള്ള കാമ്പയിൻ ഇതിനൊക്കെ എതിരെ സമൂഹമാധ്യമങ്ങളിലൂടെ തന്നെ രംഗപ്രവേശം ചെയ്തതാണെങ്കിലും, അവിടെയും സ്ത്രീകൾക്ക് വിമർശനങ്ങളാണധികവും നേരിടേണ്ടിവന്നത്.

ശാരീരികവും മാനസികവുമായ പീഡനങ്ങളിൽ പെട്ടുപോയ സ്ത്രീകൾക്ക് പിന്തുണ പ്രഖ്യാപിച്ചു കൊണ്ടുള്ള ഒരു സോഷ്യൽ കാമ്പയിൻ ആയിരുന്നിട്ടുപോലും ഇതാണവസ്ഥ. അത്തരത്തിൽ സ്വയം ഏറ്റുപറഞ്ഞവരെയും ഏറ്റുപറഞ്ഞവർക്ക് സമാശ്വാസവുമായെത്തിയവരെയും പൊതുസമൂഹം സംശയദൃഷ്ട്യാ വീക്ഷിച്ചു. ഡൽഹിയിലെ പെൺകുട്ടി ക്രൂരമായി മാനഭംഗത്തിനിരയായി കൊല്ലപ്പെട്ടപ്പോൾ, ആ പെൺകുട്ടി തന്റെ ആൺസുഹൃത്തിനൊപ്പം എന്തിന് ആ നേരത്ത് പുറത്തുപോയെന്ന് ചോദിച്ചവരാണ് നാമുൾപ്പെടുന്ന പൊതുസമൂഹം. കുറച്ചു സ്ത്രീകളൊക്കെ പുറത്ത് വന്ന് പ്രതിഷേധിച്ചെങ്കിലും, കൂടുതൽ സ്ത്രീകളും ചിന്തിച്ചത് ഒരു സ്ത്രീക്ക് ആ നേരം സഞ്ചാരസ്വാതന്ത്ര്യത്തിന് പറ്റിയതല്ലായെന്നാണ്. സ്മാർത്തവിചാരം അവസാനിക്കുന്നില്ല. അത് സോഷ്യൽമീഡിയയിലും ദൈനംദിനജീവിതത്തിലും തുടരുകയാണ്. തങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും, സ്ത്രീകൾ കുറച്ചുകൂടി ജാഗരൂകരായി? ഫലമോ കുറച്ചുകൂടി സ്ത്രീസമൂഹം ഉൾവലിയപ്പെട്ടു എന്നുതന്നെ.





ചില ആളുകൾ പ്രകടിപ്പിക്കുന്ന സംശയമുണ്ട്. നിങ്ങൾ എന്തിനാണ് പെണ്ണിടം എന്നു പറഞ്ഞ് സ്വയം മാറിനിൽക്കുന്നതും എഴുതുന്നതുമൊക്കെ. നിങ്ങൾ സ്വയം ഇത്തരത്തിൽ നിങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ, ഉള്ള ഒരിടം നഷ്ടമാവുകയല്ലേ ചെയ്യുന്നത്. സ്ത്രീകൾക്ക് സ്വന്തമായി, സ്വസ്ഥമായി ഇരിക്കാനും ചിന്തിക്കാനും, മനസ്സിന്റെ വ്യാപാരങ്ങൾക്കനുസരിച്ച് ചലിക്കാനുമുള്ള 'ഇടം' ഇല്ലാത്തതുകൊണ്ടാണ് അത് ഉണ്ടാക്കിയെടുക്കാനുള്ള ശ്രമങ്ങളിൽ അവർ വ്യാപൃതരാകുന്നതെന്ന് സമൂഹത്തിന് ഇപ്പോഴും മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് അതിനായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അവർ തെറ്റിദ്ധരിക്കുന്നതും. ഒരു സ്ത്രീയെ അവളുടെ ശാരീരിക പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ മാത്രമല്ല, അവളുടെ മാനസിക വ്യാപാരങ്ങളോടുംകൂടി അംഗീകരിക്കുകയും അവർക്കൊരിടം നൽകുകയും വേണം. സ്ത്രീകൾ അലമുറയിടുന്ന സ്വാതന്ത്ര്യം അത്തരത്തിലൊന്നിന് വേണ്ടിയുള്ളതാണ്.

ഒരു സ്ത്രീയെ തന്റെ ശാരീരിക കാമനകളെ തൃപ്തിപ്പെടുത്താനുള്ള ഉപാധിയായിട്ടല്ല ഒരാളും വിലയിരുത്തേണ്ടത്. അല്ലെങ്കിൽ മനുഷ്യരാശിയെ നിലനിർത്തുന്നതിന് വേണ്ടി മാത്രമുള്ള ഒരുപകരണമായിട്ടുമല്ല; മറിച്ച് തനിക്കൊപ്പം ചേർന്ന് നടക്കാവുന്ന, ചേർത്തുപിടിക്കാവുന്ന അത്രയും വിലയുള്ളവളായി പരിഗണിക്കപ്പെടാവുന്ന സമൂഹത്തിൽ മാത്രമേ അവൾക്ക് അഭിമാനത്തോടും ഭയമില്ലാതെയും തലയുയർത്തി നിൽക്കാനാകൂ. സ്ത്രീയും അവളുടെ ലൈംഗികതയും അടിച്ചമർത്തപ്പെടേണ്ടതോ തെറ്റിദ്ധരിക്കപ്പെടേണ്ടതോ ചൂഷണം ചെയ്യപ്പെടേണ്ടതോ ആയ ഒന്നല്ല, മറിച്ച് പുരുഷ ലൈംഗികതയ്ക്കൊപ്പം അംഗീകരിക്കപ്പെടേണ്ടതാണ്. സൃഷ്ടികർമ്മത്തിന്റെ മുഴുവൻ ബാധ്യതയും അടിച്ചേൽപ്പിച്ച് സമൂഹത്തിന്റെ എല്ലാ മേഖലകളിൽ നിന്നും മാറ്റി നിർത്തപ്പെടേണ്ടവളുമല്ല അവൾ.

സ്ത്രീയുടെ കരുണയും സ്നേഹവും ക്ഷമാശീലവുമൊക്കെ അവളെ അടിച്ചമർത്താനുള്ള സാധൂകരണമായിട്ടല്ല അപഗ്രഥിക്കപ്പെടേണ്ടത്. മറിച്ച് അവയെല്ലാം അവളുടെ ധീരമായ സാമൂഹ്യ സംഭാവനകളായി അംഗീകരിക്കപ്പെടണം. സമൂഹത്തിൽ സ്ത്രീകൾ അവർക്കായി ഒരുക്കുന്ന ഇടങ്ങൾ ദൗർബല്യത്തിന്റെ ഒളി

ത്താവളങ്ങളല്ല. സ്ത്രീയുടെ, അവളെത്തന്നെ പൂർത്തീകരിക്കാനാകുന്ന പണിശാലകളാണത്. വരാനിരിക്കുന്ന ഒരു നീതിസമൂഹത്തിനുവേണ്ടിയുള്ള സ്വപ്നങ്ങളാണ് ഇവിടെ വികസിക്കുന്നത്. ആ സമൂഹത്തിൽ പുരുഷൻ, സ്ത്രീ, ലൈംഗികത എന്നീ എടുത്തുപറച്ചിലുകൾ അവസാനിച്ച് സമൂഹം എന്ന വാക്കിന് ഒരു സമഗ്രാർഥം കൈവരും.

എന്നാൽ ഇത്തരത്തിൽ പിന്നോക്കം പോകുന്ന അവസ്ഥകളിലും ചില പൊട്ടിത്തെറികൾ സ്ത്രീ സമൂഹത്തിലുണ്ടാകുന്നതിന്റെ ദൃഷ്ടാന്തമാണ് കുറിയേടത്ത് താത്രിയെപ്പോലുള്ളവർ. ഉടയാത്ത ഉടൽ സങ്കൽപ്പനങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യമനസ്സുകളിൽ ചില ഉണർച്ചകൾ ഉണ്ടാക്കാൻ കാലം തിരഞ്ഞെടുത്ത ചിലർ ഇങ്ങനെ ഉണ്ടാകുന്നത് ആശ്വാസം നൽകുന്ന കാര്യമാണ്. മാനവരാശിയുടെ ഉത്ഭവം മുതൽ ആൺപെൺ വ്യത്യാസങ്ങളെ വിശ്വാസങ്ങളുടെയും മതത്തിന്റെയും നൂലാമാലകളിൽ വിളക്കിച്ചേർത്ത് അടിച്ചമർത്തലിന്റെ തന്ത്രങ്ങൾ മെനഞ്ഞവർക്ക് കാലത്തിന്റെ തിരിച്ചടികൾ ഉണ്ടാകുന്നത് ഇങ്ങനെയാണ്. ലൈംഗിക മനോഭാവത്തോടെ മാത്രം സ്ത്രീ ഉടലിനെ സമീപിക്കുന്ന സമൂഹത്തിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന പല അനാചാരങ്ങൾക്കും തിരിച്ചറിവുകൾ ഉണ്ടാകുമെന്നതിന് തെളിവാണ് ശബരിമല പ്രവേശനത്തിന് സ്ത്രീകൾക്ക് അനുമതി നൽകിക്കൊണ്ടുള്ള കോടതി വിധി. അതുപോലെ പ്രാധാന്യമർഹിക്കുന്ന മറ്റൊന്നാണ് അവിഹിതബന്ധങ്ങളിൽ പിടിക്കപ്പെടുമ്പോൾ സ്ത്രീക്ക് മാത്രം ശിക്ഷ ലഭിച്ചിരുന്ന സാഹചര്യം ഒഴിവാക്കിയ കോടതിവിധിയും.

ഇത്തരം സംഭവങ്ങൾ കുറിയേടത്ത് താത്രിയെ ഓർമ്മിപ്പിക്കുന്ന ഒന്നായിട്ടാണ് മനസിലാക്കേണ്ടത്. രണ്ടുപേർ ചേർന്നു ചെയ്യുന്ന ഒരു പ്രവൃത്തിയിൽ ഉണ്ടാകുന്ന ശരിയും തെറ്റും രണ്ടു കൂട്ടർക്കും ഒരുപോലെ ബാധകമാണെന്ന തിരിച്ചറിവ് താത്രിക്ക് ശേഷം ഇപ്പോൾ ഈ കോടതിവിധി നമുക്ക് നൽകുന്നു. ഒരു പൊതുസ്ഥലത്ത് ആണെങ്കിൽപ്പോലും ഒന്നിച്ചിരിക്കുന്ന ആൺകുട്ടികളെയും പെൺകുട്ടികളെയും ലൈംഗികദാരിദ്ര്യം നേരിടുന്ന ജനത നോക്കിക്കാണുന്നത് ഹീനമായ രീതിയിലാണ്. അതിനെയൊക്കെ മറികടക്കാനുള്ള യുവതലമുറയുടെ പരിശ്രമങ്ങൾ സ്തുത്യർഹമാണ്. ഇത്തരം പരിശ്രമങ്ങളിൽ എവിടെയൊക്കെയോ സ്ത്രീപുരുഷ തുല്യതയ്ക്കുവേണ്ടിയുള്ള സമരങ്ങൾ ഫലമണിയുന്നത് കാണാം.





കോടതിവിധികൾക്കും സർക്കാർ സംവിധാനങ്ങൾക്കും പുറമെ ഇത്തരം പരിശ്രമങ്ങൾ ആവശ്യമായി വരുന്നത് സമൂഹത്തിലെ ചില അലിഖിത നിയമങ്ങൾ കൂടി തിരുത്തപ്പെടാനാണ്. ഒരു സ്ത്രീയുടെ ഏറ്റവും വലിയ ആവശ്യം ശരീരത്തോടൊപ്പം, അവളുടെ മാനസിക വ്യാപാരങ്ങളും അംഗീകരിക്കപ്പെടുകയെന്നുള്ളതാണ്. നിയമ പരമായ വ്യവസ്ഥകളിലൂടെ ഔദ്യോഗിക രേഖകൾ ഇതിന് ഉപോദ്ബലകമായി ചില കാര്യങ്ങളിൽ അവൾക്ക് ലഭ്യമാകുന്നുണ്ടെങ്കിലും, വ്യക്തിപരമായ പോരാട്ടങ്ങളും ഇതിനായി നടത്തേണ്ടി വരുന്നുണ്ട്. അങ്ങനെയാണ് സ്ത്രീസമൂഹത്തിന്റെ സംരക്ഷണം സ്ത്രീകൾ തന്നെ ഏറ്റെടുത്ത ഒരു സമാന്തര സംരംഭം ഏതുതരം പ്രതിസന്ധികൾക്കിടയിലും ഇവിടെ സംജാതമായത്. ഫെമിനിസം എന്ന കരുത്തുള്ള പ്രസ്ഥാനത്തിന്റെ ഉത്ഭവവും അത് നൽകിയ ഉണർവും സമൂഹത്തിൽ സ്ത്രീശരീരത്തെക്കുറിച്ചുള്ള, ദാരിദ്ര്യം പിടിച്ച ഫലങ്ങളെ പൊളിച്ചെഴുതാൻ വളരെ സഹായകമായിത്തീർന്നു.

## സഹായക ഗ്രന്ഥങ്ങൾ


1. ഓരോരോ കാലത്തിലും - ശ്രീജ കെ വി.
2. സ്ത്രീശാക്തീകരണ ചരിത്രം - രാധാകൃഷ്ണൻ